# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4750 — 23-07-2015-ൽ മറുപടിക്ക്

### വ്യവസായശാലകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.ചന്ദ്രശേഖരൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി എത്ര വ്യവസായ ശാലകൾ ആരംഭിച്ചിട്ടുണ്ട് ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഐ.ഡി.സി.യുടെ ധനസഹായ ത്തോടെ പ്രവർത്തനം ആരംഭിച്ച 32 വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം സംസ്ഥാനത്ത് ആകെ 50097 വ്യവസായശാലകൾ പുതുതായി ആരംഭിച്ച തിന്റെ ഭാഗമായി Entrepreneur Part II ഫയൽ ചെയ്തിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സിഡ്കോയുടെ കീഴിൽ 42 വ്യവസായ ശാലകൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) സർക്കാർ ഉടമസ്ഥതയിൽ ആരംഭിച്ച വ്യവസായശാലകൾ ഏതൊക്കെയാ ണെന്ന് ജില്ല തിരിച്ച് കണക്കുകൾ നൽകാമോ ; | (ബി) കെ.എസ്.ഐ.ഡി.സിയുടെ ധനസഹായ ത്തോടെ സർക്കാർ ഉടമസ്ഥതയിൽ ആരംഭിച്ച വ്യവസായശാല തൃശ്ശൂർ ജില്ലയിലെ സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് ആണ്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം കോട്ടയം, കാസറഗോഡ് ജില്ലകളിൽ മാത്രമേ സർക്കാർ ഉടമസ്ഥത യിൽ വ്യവസായശാലകൾ ആരംഭിച്ചി ട്ടുളളു.<br><br>__കോട്ടയം__ - കോട്ടയം ജില്ലയിൽ വൈക്കം താലൂക്കിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി മോഡേൺ റൈസ് മിൽ എന്ന യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. |

**കാസറഗോഡ്** - കാസറഗോഡ് ജില്ലയിലെ മൈലാട്ടിയിൽ ഉദുമ സ്പിന്നിംങ് മിൽ, സർക്കാർ ഉടമസ്ഥതയിൽ സ്ഥാപിച്ചിട്ടുണ്ട്.

(സി) കാസർകോട് ജില്ലയിൽ പുതിയ വ്യവസായശാലകൾ ആരംഭിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ പുതിയ വ്യവസായങ്ങൾക്ക് തുടക്കം കുറിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(സി) & (ഡി) വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം, കാസറഗോഡ് ജില്ലയിൽ 2105 വ്യവസായശാലകൾ ആരംഭിച്ചിട്ടുണ്ട്.

കെ.എസ്.ഐ.ഡി.സിയുടെ ധനസഹായത്തോടെ കാസർഗോഡ് ജില്ലയിൽ മലബാർ ഇസ്പാറ്റ് ലിമിറ്റഡ് എന്ന വ്യവസായ സ്ഥാപനം പ്രവർത്തനം ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്.

ഇതു കൂടാതെ കാസർഗോഡ് ജില്ലയിലെ പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്തിൽ ഒരു വ്യവസായ പാർക്ക് ആരംഭിക്കുന്നതുള്ള ശ്രമങ്ങൾ സിഡ്കോ നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ